20/1/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1532(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10999/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 19**

ശ്രീ. എം. ഗോപി
S/o കുഞ്ഞിക്കണ്ടൻ,
മാട്ടുപ്പുറത്ത് വീട്, ഫറോക്ക് പി.ഒ.,
കോഴിക്കോട് – 673 631. — അപ്പീൽ ഹർജിക്കാരൻ

1) ശ്രീ. അനി ഐസക്ക്,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
ഫറോക്ക് നഗരസഭ കാര്യാലയം,
ഫറോക്ക് പി.ഒ., കോഴിക്കോട് – 673 631.

2) ശ്രീ. അഭിലാഷ് ടി.,
മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
ഫറോക്ക് നഗരസഭ കാര്യാലയം,
ഫറോക്ക് പി.ഒ., കോഴിക്കോട് – 673 631.

3) അപ്പീൽ അധികാരി & സെക്രട്ടറി,
ഫറോക്ക് നഗരസഭ കാര്യാലയം,
ഫറോക്ക് പി.ഒ., കോഴിക്കോട് – 673 631. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 12/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/02/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 22/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07/07/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/07/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/08/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/09/2022 |
| ഹിയറിംഗ് നടന്ന തീയതി | 18/01/2023 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : എസ്.പി.ഐ.ഒ.മാർ | ഹാജരായി |

## ഉത്തരവ്

ശ്രീ. എം.ഗോപി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതും പ്രായോഗികമല്ലാത്തതും നിയമവിരുദ്ധമായതിനാലുമാണ് അപ്പീൽ അധികാരി

മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് സമയബന്ധിതമായി മറുപടി ലഭിക്കാത്തതിനാലാണ് രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നുമാണ്. ആയതിനാൽ ഇപ്രകാരം മറുപടി നൽകിയ ഉദ്യോഗസ്ഥനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 12.01.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. ഫറോക്ക് ബസ് സ്റ്റാന്റിന്റെ അടുത്തായിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫറോക്ക് ശാഖ സ്ഥിതി ചെയ്യുന്നതുമായ കെ.സി. ആർക്കേഡ് എന്ന കെട്ടിടത്തിന്റെ പ്ലാനിന്റെയും പെർമിറ്റിന്റെയും കോപ്പികൾ അനുവദിക്കണമെന്നും

ii. മേൽപ്പടി കെട്ടിടത്തിന് എത്ര നിലകൾ നിർമ്മിക്കുവാനുള്ള അനുമതിയാണ് നൽകിയിട്ടുള്ളതെന്നും

iii. മുനിസിപ്പാലിറ്റി അനുവദിച്ചു നൽകിയ പ്ലാനും പെർമിറ്റും പ്രകാരമാണോ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതെന്നും

iv. മേൽ കാണിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞ ശേഷം ഇൻസ്പെക്ഷൻ നടത്തിയ ഉദ്യോഗസ്ഥന്റെ പേര്, പെൻ നമ്പർ, അഡ്രസ്സ്, ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ കോപ്പി എന്നിവ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 08.02.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട എഫ്.എം.5/675 നമ്പർ കെട്ടിടത്തിന്റെ പെർമിറ്റ് നമ്പറും തീയതിയും ഹാജരാക്കുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നുമാണ്. ഹർജിക്കാരൻ 22.2.2022 തീയതി മൂന്നാം എതിർകക്ഷിയായ ഫറോക്ക് മുനിസിപ്പൽ സെക്രട്ടറി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നതാണെങ്കിലും ആയതിൽ തൃപ്തനല്ലെന്ന് കാണിച്ച് ഒന്നാം അപ്പീൽ നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 19.3.2022 തീയതി കക്ഷിയെ നേരിൽ കേട്ടതിൽ അപേക്ഷകന്റെ പക്കൽ അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന കെട്ടിടത്തിന്റെ പെർമിറ്റ് നമ്പർ ഇല്ലെന്നും കെട്ടിട നമ്പർ മാത്രമാണുള്ളതെന്നും ബോധിപ്പിക്കുകയുണ്ടായി എന്നും പ്രസ്തുത സാഹചര്യത്തിൽ അപേക്ഷയിൽ പ്രതിപാദിച്ച കെട്ടിട നമ്പർ പ്രകാരം നഗരസഭ റവന്യൂ വിഭാഗത്തിലും ടൗൺ പ്ലാനിംഗ് വിഭാഗത്തിലും തെരച്ചിൽ നടത്തി പെർമിറ്റ് നമ്പർ കണ്ടെത്തി 15 ദിവസത്തിനകം ടിയാന് മറുപടി നൽകുന്നതിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 14.09.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷയിൽ പ്രതിപാദിച്ച കെട്ടിട നമ്പർ പ്രകാരം നഗരസഭ റവന്യൂ വിഭാഗത്തിലും ടൗൺ പ്ലാനിംഗ് വിഭാഗത്തിലും തെരച്ചിൽ നടത്തി പെർമിറ്റ് നമ്പർ കണ്ടെത്തി 15 ദിവസത്തിനകം ടിയാന് മറുപടി നൽകുന്നതിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതും തുടർന്ന് 10.8.2022 തീയതിയിലെ 10999/എസ്.ഐ.സി.–ജി5/2022 പ്രകാരം ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പി.ഐ.ഒ./എ.ഇ., റവന്യൂ സെക്ഷൻ എന്നിവിടങ്ങളിൽ പെർമിറ്റ് നമ്പർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് കുറിപ്പ് നൽകിയതിൻമേൽ പ്രസ്തുത വിവരങ്ങൾ നഗരസഭ സഞ്ചയ സോഫ്റ്റ്‌വെയർ രേഖകളിലോ അസ്സസ്മെന്റ് രജിസ്റ്ററിലോ ലഭ്യമല്ലെന്ന വിവരമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും എതിർകക്ഷികളെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുമായി ബന്ധപ്പെട്ട കെ.സി. ആർക്കേഡ് എന്ന കെട്ടിടം നിലവിലുള്ള ഫറോക്ക് മുനിസിപ്പാലിറ്റിയായി മാറുന്നതിനു മുമ്പ് പഞ്ചായത്തായിരുന്ന സമയത്ത് നിർമ്മിച്ചതാണെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാത്തത് പഞ്ചായത്ത് നഗരസഭയായി മാറിയ സമയത്ത് മേൽ കെട്ടിടവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നഗരസഭയ്ക്ക് കൈമാറാത്തതിനാലാണ് എന്നും കമ്മീഷന് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ ഏത് വിധേനയും പുനർനിർമ്മിക്കുകയും പ്രസ്തുത രേഖകൾ സൗജന്യമായി ഹർജിക്കാരന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതോടൊപ്പം ആവശ്യമായ രേഖകൾ പരിശോധിക്കാൻ ഹർജിക്കാരന് ഒരവസരം നൽകാനും കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു. നടപടി റിപ്പോർട്ട് **10.2.2023**–ന് മുമ്പ് കമ്മീഷന് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 19–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി